# പതിമൂന്നാം കേരള നിയമസഭ
## ഒന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2273 15.72011 ൽ മറുപടിക്ക്

## ഹിൽ ഹൈവേ

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ: | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ) നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br><br>(ബി) മലയോര ഹൈവേയുടെ നിർമ്മാണം എവിടെ നിന്നാണ് ആരംഭിച്ചിട്ടുള്ളതെന്നറിയിക്കുമോ; | (എ)& (ബി) കാസർഗോഡ് (നന്ദാരപ്പടവ്) മുതൽ തിരുവനന്തപുരം (പാറശ്ശാല) വരെയുള്ള മലയോര പാതയുടെ പണി പുരോഗമിച്ചു വരികയാണ്. കാസർഗോഡ് റോഡ്സ് ഡിവിഷന്റെ കീഴിലെ 4965 ലക്ഷം രൂപ അടങ്കൽ തുക വരുമെന്ന് കണക്കാക്കിയിട്ടുള്ള 109.435 കി. മീ. റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾക്കായി ഭരണാനുമതിക്കായുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. കണ്ണൂർ റോഡ്സ് ഡിവിഷനിൽ മലയോരഹൈവേയുടെ ഭാഗമായിവരുന്ന 109.530 കി. മീ. റോഡിന്റെ പണി പുരോഗമിച്ചു വരികയാണ്. ഇതിൽ പുറഞ്ഞാൺ മുതൽ 'ചമതച്ചാൽ' വരെയുള്ള 14.650 കി മീ. റോഡിന്റെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.<br><br>വയനാട് ജില്ലയിൽ മാനന്തവാടി കൽപ്പറ്റ, കൽപ്പറ്റ - മേപ്പാടി റോഡുകളുടെ 9.85 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് റോഡ്സ് ഡിവിഷൻ കിഴിലെ ഹിൽഹൈവേയുടെ ഭാഗമായുള്ള തലയാട് മുതൽ കക്കാടംപൊയിൽ വരെയുള്ള ഭാഗത്ത വിശദമായ പ്രിലിമിനറി സർവ്വേ നടത്തുകയും അതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റും മറ്റ് രേഖകളും തയ്യാറാക്കി വരികയാണ്. |

— — — —

| | |
|---|---|
| | മലപ്പുറം ജില്ലയിലെ ഹിൽഹൈവേയുടെ ഭാഗമായുള്ള റോഡുഭാഗത്തെ പരിഷ്ക്കരണ പ്രവൃത്തികൾക്ക് 23.20 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മൂവാറ്റുപുഴ റോഡ്സ് ഡിവിഷനുകളി ലെ റോഡ് ഭാഗത്തിന്റെ പ്രവൃത്തികൾക്കായി 1685 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മറ്റ് ഭാഗങ്ങളിൽ റോഡുകൾ സംബന്ധിച്ച പ്രാഥമിക സർവ്വേകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) മലയോര ഹൈവേ ആരംഭിക്കുന്ന കാസർഗോഡ് ജില്ലയിലെ 'നന്ദാരപ്പദവ്' എന്ന സ്ഥലത്തു നിന്നും നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) മലയോര ഹൈവേയുടെ പ്രവൃത്തി പല ജില്ലകളിലും പദ്ധതി വിഹിതത്തിലും മാന്ദ്യവിരുദ്ധ പാക്കേജിലും ഉൾപ്പെടുത്തി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നതിനാൽ നിർമ്മാണം നന്ദാരപ്പടവിൽ നിന്നും ആരംഭിക്കുന്നതിൽ പ്രസക്തിയില്ല |

സെക്ഷൻ ഓഫീസർ